LIBRARY ARCHIVES Kerala Legislative Assembly

പൊതുജന സമ്പർക്ക പരിപാടി

225(1294) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ഏതെല്ലാമായിരുന്നു;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ പാസ്സാക്കിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പി.ഡബ്ല്യു.ഡി. റോഡുകൾ

226(1295) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടെന്നും പ്രസ്തുത റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ 101.08 കി.മീ. റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ

1. ചിറ്റാരിക്കൽ-കുന്നുംകൈ റോഡ് - 10 കി.മീ.
2. ചീമേനി-ചാനടുക്കം-കാക്കടവ റോഡ് - 12 കി.മീ.
3. ഒടയംചാൽ - ചെറുപുഴ റോഡ് - 4 കി.മീ.
4. ചിറ്റാരിക്കൽ - വള്ളിക്കടവ് റോഡ് - 3 കി. മീ.
5. ചീമേനി -കുന്നുംകൈ റോഡ് - 7 കി. മീ.
6. കിനാനൂർ - കരിന്തളം-ചാത്തമത്ത് റോഡ് - 10 കി. മീ. എന്നീ റോഡുകളിൽ ഭാഗികമായി അറ്റകുറ്റപ്പണി അടിയന്തരമായി നടത്തേണ്ടതുണ്ട്. ബാക്കി റോഡുകൾ എല്ലാംതന്നെ വാഹന ഗതാഗതത്തിന് അനുയോജ്യമാണ്.